# ഹയർ സെക്കന്ററി രണ്ടാം വർഷം
# മലയാളം (പാർട്ട് 2)

## മൂല്യനിർണയ സമീപനരേഖ - 2015

രണ്ടായിരത്തി പതിമൂന്നിൽ നടന്ന കേരള സ്കൂൾ പാഠ്യപദ്ധതിപരിഷ്കരണത്തിന്റെ ഭാഗമായി രണ്ടാം വർഷ ഹയർ സെക്കണ്ടറി മലയാള പാഠപുസ്തകം നിലവിൽവന്നു. കാലാനുസൃതമായി പാഠപുസ്തകത്തിൽ വന്ന മാറ്റങ്ങൾ സ്വാഭാവികമായും മൂല്യനിർണയത്തിലും പ്രതിഫലിക്കേണ്ടതുണ്ട്. വിദ്യാർഥികളുടെ പഠനപ്രക്രിയ മെച്ചപ്പെടുത്തുന്നതിനും പഠനപുരോഗതി വസ്തുനിഷ്ഠമായും ശാസ്ത്രീയമായും വിലയിരുത്തുന്നതിനും കുറ്റമറ്റ മൂല്യനിർണയം അനിവാര്യമാണ്. വിദ്യാർഥിയുടെ പഠനനേട്ടങ്ങളിൽ അധിഷ്ഠിതമായ എഴുത്തുപരീക്ഷകളാണ് ആവശ്യമായിവരുന്നത്. ഇതിനെ ലക്ഷ്യംവച്ചുള്ള മാർഗരേഖയാണിത്.

ഗുണനിലവാരമുള്ള ചോദ്യങ്ങളാണ് കുറ്റമറ്റ പരീക്ഷയ്ക്ക് ആധാരം. വ്യത്യസ്ത പഠനനേട്ടങ്ങളെയും ചിന്താപ്രക്രിയകളെയും പരിഗണിക്കുന്ന വിധത്തിലാകണം ചോദ്യങ്ങൾ രൂപപ്പെടേണ്ടത്. ഭിന്ന പഠനനിലവാരത്തിലുള്ള വിദ്യാർഥികളെ പരിഗണിക്കുന്നതായിരിക്കണം ചോദ്യങ്ങൾ. അതുകൊണ്ടുതന്നെ ചോദ്യപേപ്പർ തയാറാക്കുന്നതിന് പൊതുവായ മാർഗരേഖ ആവശ്യമാകുന്നു.

ചോദ്യങ്ങൾ തയാറാക്കാനുള്ള മാർഗരേഖയ്ക്ക് നാലു തലങ്ങളുണ്ട്.

1. മുന്നൊരുക്കം
2. ചോദ്യങ്ങളുടെ സ്വഭാവം
3. ചോദ്യം തയാറാക്കൽ
4. ചോദ്യപേപ്പറിന്റെ ഘടന

### 1. മുന്നൊരുക്കം

1. മാറിയ പാഠ്യപദ്ധതിസമീപനവും പാഠപുസ്തകവും പരിചിതമാകണം.
2. പാഠപുസ്തകത്തിലെ വിവിധ യൂണിറ്റുകളിലെ പഠനനേട്ടങ്ങൾ പരിഗണിക്കണം.
3. വിവിധങ്ങളായ ചിന്താപ്രക്രിയകൾ പരിഗണിക്കണം.
4. ഓരോ യൂണിറ്റിൽനിന്നും പ്രത്യേകം ചോദ്യശേഖരം തയാറാക്കണം.
5. ചോദ്യങ്ങൾ മാർഗരേഖ അടിസ്ഥാനപ്പെടുത്തിയുള്ളതാകണം.

### 2. ചോദ്യങ്ങളുടെ സ്വഭാവം

1. ചോദ്യങ്ങളുടെ ഭാഷ കൃത്യവും ലളിതവുമായിരിക്കണം.
2. വസ്തുനിഷ്ഠചോദ്യങ്ങൾക്ക് (objective) താഴെപ്പറയുന്ന നാലു ചോദ്യമാതൃകകൾ നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണം.
    1. ബഹുവികല്പമാതൃകകൾ (Multiple choise Questions)
    2. ചേരുംപടി ചേർക്കൽ
    3. ഗ്രൂപ്പിൽ പെടാത്തതു കണ്ടെത്തൽ.
    4. ശരിയോ തെറ്റോ എന്നു കണ്ടെത്തൽ.
3. ഉയർന്ന ചിന്താശേഷികളെക്കൂടി പരിഗണിച്ചായിരിക്കണം ചോദ്യങ്ങൾ.
4. ചോദ്യങ്ങളുടെ സമയം ചിന്താപ്രക്രിയയ്ക്കനുസരിച്ചും ഉത്തരമെഴുതാനാവശ്യമായ സമയം പരിഗണിച്ചുമായിരിക്കണം നിജപ്പെടുത്തേണ്ടത്.

5. ഉത്തരങ്ങളുടെ ദൈർഘ്യം കൃത്യമായി നിർദേശിച്ചിരിക്കണം.
6. പഠനനിലവാരത്തിന് അനുസരിച്ച ചോദ്യങ്ങളായിരിക്കണം.
7. ചോദ്യങ്ങൾ പഠനനേട്ടങ്ങളെ അടിസ്ഥാനമാക്കിയുള്ളതായിരിക്കണം.
8. വസ്തുനിഷ്ഠം, ഹ്രസ്വോത്തരം, ഉപന്യാസം എന്നിങ്ങനെ വ്യത്യസ്ത ചോദ്യമാതൃകകൾ നിർബന്ധമായും ഉൾപ്പെടുത്തണം.
9. ഒന്നോ അതിലധികമോ യൂണിറ്റുകളിലെ പഠനനേട്ടങ്ങളെ അടിസ്ഥാനമാക്കിയും ചോദ്യങ്ങൾ ചോദിക്കാം. ഉപചോദ്യങ്ങളും ഉൾപ്പെടുത്താം. പ്രസ്ഥാനപരിചയവും നവീന പ്രവണതകളും ഉൾപ്പെടുത്തണം.
10. ഭാഷാശേഷി, സർഗാത്മകത, പാഠഭാഗം എന്നിവയ്ക്ക് പ്രാധാന്യം നൽകുന്ന ചോദ്യങ്ങളായിരിക്കണം.
11. ഭിന്നശേഷിയുള്ള വിദ്യാർഥികളെക്കൂടി പരിഗണിക്കുന്ന വിധത്തിലായിരിക്കണം ചോദ്യങ്ങൾ.
12. ഉപന്യാസചോദ്യങ്ങളുടെ ഉത്തരദൈർഘ്യം വ്യക്തമാക്കിയിരിക്കണം. ആവശ്യമായ സൂചനകൾ നൽകാം.
12. ജാതി - മത - ലിംഗ വികാരങ്ങൾ വ്രണപ്പെടുത്തുന്ന ചോദ്യങ്ങൾ നിർബന്ധമായും ഒഴിവാക്കണം.
13. 6, 7, 8 സ്കോറുകൾ ഉപന്യാസത്തിനും 2, 3, 4, 5 സ്കോറുകൾ വിവിധ മാതൃകയിലുള്ള ലഘുചോദ്യങ്ങൾക്കും 1 സ്കോർ ഒബ്ജക്ടീവ് വിഭാഗത്തിനും നൽകണം.

## 3. ചോദ്യം തയാറാക്കൽ

1. ചോദ്യപേപ്പറിന്റെ രൂപരേഖ തയാറാക്കുമ്പോൾ ഉള്ളടക്കത്തിനും പഠനനേട്ടങ്ങൾക്കും ആപേക്ഷിക പ്രാധാന്യം നൽകണം. വ്യത്യസ്ത മാതൃകയിലുള്ള ചോദ്യങ്ങൾ ഉൾപ്പെടുത്തണം.
2. ബ്ലൂപ്രിന്റിന്റെ അടിസ്ഥാനത്തിലായിരിക്കണം ചോദ്യങ്ങൾ തയാറാക്കേണ്ടത്.
3. ചോദ്യപേപ്പറിനൊപ്പം വ്യക്തമായ ഉത്തരസൂചികയും ചോദ്യാപഗ്രഥനവും തയാറാക്കിയിരിക്കണം.
4. പരിഗണിച്ച ചിന്താശേഷികൾ ഏതൊക്കെയെന്ന് ഉത്തരസൂചികയിൽ രേഖപ്പെടുത്തിയിരിക്കണം.
5. ആശയസ്വാംശീകരണത്തിന് 60%, ആശയപ്രകാശനത്തിന് 40% എന്നീ രീതിയിൽ പ്രാതിനിധ്യം നൽകിയിരിക്കണം.
6. വസ്തുനിഷ്ഠ (objective) മാതൃകയ്ക്ക് 15% മുതൽ 20 % വരെ സ്കോറും ഉപന്യാസമാതൃകയ്ക്ക് 30% സ്കോറും ബാക്കി സ്കോർ ലഘുഹ്രസ്വോത്തരങ്ങൾക്കും നൽകണം.
7. ഒരു ചോദ്യത്തിന് പരമാവധി നൽകാവുന്ന സ്കോർ മൊത്തം സ്കോറിന്റെ 10% മാത്രമായിരിക്കണം.
8. ചോദ്യം വായിച്ചു മനസ്സിലാക്കി ഉത്തരം എഴുതാനുള്ള സമയത്തെ അടിസ്ഥാനമാക്കിയിരിക്കണം ഓരോ ചോദ്യവും തയാറാക്കേണ്ടത്.
9. 80 സ്കോറിന്റെ ചോദ്യത്തിന് 2 1/2 മണിക്കൂറാണ് പരീക്ഷാസമയം. 15 മിനിറ്റ് സമാശ്വാസസമയം അനുവദിക്കണം.
10. ചോദ്യങ്ങളുടെ ഉള്ളടക്കം ഒരേ ചോദ്യഭാഷയിൽ ആവരുത്.

## 4. ചോദ്യപേപ്പറിന്റെ ഘടന

1. ചോദ്യപേപ്പറിന്റെ ആമുഖമായി പൊതുനിർദേശങ്ങൾ നൽകിയിരിക്കണം.
2. അതതു ചോദ്യങ്ങൾക്കുനേരെ ആവശ്യമുള്ള നിർദേശങ്ങൾ നൽകിയിരിക്കണം.
3. ഉപ ന്യാസങ്ങൾക്ക് 'ചോയ്സ്' അനുവദനീയമാണ്. ആകെ സ്കോറിന്റെ 30% വരുന്ന വിധത്തിലായിരിക്കണം.
4. പരമാവധി പാഠപുസ്തകഭാഗങ്ങളെ ഉൾക്കൊണ്ടും വിവിധ സാഹിത്യശാഖകളെ വ്യത്യസ്തമായി ക്രമീകരിച്ചും ഉപന്യാസചോദ്യങ്ങൾ തയാറാക്കണം.

ഈ മാർഗരേഖ ആധാരമാക്കി വിദ്യാർഥിയുടെ പക്ഷത്തുനിന്നുകൊണ്ടുള്ള ചോദ്യങ്ങളായിരിക്കണം രൂപപ്പെടേണ്ടത്.

# പഠനനേട്ടങ്ങൾ

**യൂണിറ്റ് 1 എഴുത്തകം**

1.1 മാതൃഭാഷയിലെയും ഇതര ഭാഷകളിലെയും നാഴികക്കല്ലുകളായ കൃതികളിലെ ആശയങ്ങൾ പരിചയപ്പെട്ട് ഉചിതമായ വ്യവഹാരരൂപങ്ങളിൽ ആവിഷ്കരിക്കുന്നു.

1.2 വിവർത്തനത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ് നിർദിഷ്ടരചനകൾ വിവർത്തനം ചെയ്യാനുള്ള ശേഷി നേടുന്നു.

1.3 വിവർത്തിതകൃതികളിലെ സാമൂഹികാന്തരീക്ഷം, കഥാപാത്രങ്ങളുടെ മാനസികഭാവങ്ങൾ എന്നിവ വിശകലനം ചെയ്ത് കുറിപ്പുകൾ തയാറാക്കുന്നു.

1.4 മാതൃഭാഷയോടും സംസ്കാരത്തോടും മതിപ്പും മമതയും പ്രതിഫലിപ്പിക്കുന്ന രചനകളിലേർപ്പെടുന്നു.

1.5 കവിതകളിലെ അവതരണസാധ്യതകൾ കണ്ടെത്തി ഉചിതമായി പ്രയോഗിക്കുന്നു.

1.6 കവിതകളിലെ സാമൂഹിക- സാംസ്കാരികതലങ്ങൾ വിശകലനം ചെയ്ത് സ്വതന്ത്ര നിരീക്ഷണങ്ങൾ കൂടി ഉൾപ്പെടുത്തി നിരൂപണങ്ങൾ, ആസ്വാദനക്കുറിപ്പുകൾ എന്നിവ തയാറാക്കുന്നു.

1.7 കവിതകളിലെ ഭിന്നങ്ങളായ രചനാരീതികൾ അപഗ്രഥിച്ച് കുറിപ്പുകൾ തയാറാക്കുന്നു.

1.8 കഥാരചനാസങ്കേതങ്ങൾ മനസ്സിലാക്കി പഠനക്കുറിപ്പുകൾ തയാറാക്കുന്നു.

1.9 എല്ലാ വൈജ്ഞാനികമേഖലകളും ഉൾക്കൊള്ളാൻ മലയാളത്തിനു കഴിയും എന്ന ധാരണ രൂപീകരിച്ച് സെമിനാർപ്രബന്ധം/പ്രഭാഷണം തയാറാക്കുന്നു.

1.10 ഭാഷാപദങ്ങളിലെ വ്യാകരണസവിശേഷതകൾ തിരിച്ചറിഞ്ഞ് സമാനപദങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തുന്നു.

**യൂണിറ്റ് 2 തനതിടം**

2.1 മലയാളികളുടെ സംസ്കാരരൂപീകരണത്തിൽ നിർണായക പങ്കു വഹിച്ച കലാമാതൃകകളുടെ സവിശേഷതകൾ വിശകലനം ചെയ്ത് ഉചിതമായ വ്യവഹാരരൂപങ്ങളിൽ ആവിഷ്കരിക്കുന്നു.

2.2 ആട്ടക്കഥ, നാടകം എന്നീ രംഗകലകളിലെ സാഹിത്യപാഠങ്ങളിൽനിന്ന് അഭിനയസാധ്യതകൾ കണ്ടെത്തി വിഭിന്ന രീതികളിൽ അവതരിപ്പിക്കുന്നു.

2.3 സാഹിത്യകൃതികളിലെ ദൃശ്യ-സംഗീതസാധ്യതകൾ കണ്ടെ ത്തി അവതരിപ്പിക്കുന്നു.

2.4 കാവ്യഭാഷാസവിശേഷതകൾ തിരിച്ചറിഞ്ഞ് കുറിപ്പ് തയാറാക്കുന്നു.

2.5 നാടകത്തിന്റെ സവിശേഷതകൾ അപഗ്രഥിച്ച് നിരൂപണം തയാറാക്കുന്നു.

2.6 കലാരംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ചവരുമായി അഭിമുഖം നടത്തി റിപ്പോർട്ട് തയാറാക്കുന്നു.

2.7 വർണവികാരങ്ങൾ അപഗ്രഥിച്ച് പദങ്ങളെ പട്ടികപ്പെടുത്തുന്നു.

**യൂണിറ്റ് 3 ദർപ്പണം**

3.1 സാഹിത്യകൃതികളിലെ ഹാസ്യാംശങ്ങൾ കണ്ടെത്തി
കുറിപ്പുകൾ തയാറാക്കുന്നു.

3.2 കവിതയിലെ അവതരണസാധ്യതകൾ കണ്ടെത്തി ഉചിതമായ രീതിയിൽ അവതരിപ്പിക്കുന്നു.

3.3 മലയാളകവിതകളിലെ ആക്ഷേപഹാസ്യതലങ്ങൾ വിശകലനം ചെയ്ത് ആസ്വാദനക്കുറിപ്പുകൾ, വിശകലനക്കുറിപ്പുകൾ, താരതമ്യക്കുറിപ്പുകൾ മുതലായവ തയാറാക്കുന്നു.

3.4 മലയാളത്തിലെ, സ്ത്രീപക്ഷകഥകളിലെ സാമൂഹികവിമർശനതലം അപഗ്രഥിച്ച് കുറിപ്പുകൾ തയാറാക്കുന്നു.

3.5 സഞ്ചാരസാഹിത്യകൃതികളുടെ സവിശേഷതകളും ഊന്നലുകളും തിരിച്ചറിഞ്ഞ് കുറിപ്പുകൾ തയാറാക്കുന്നു.

3.6 സഞ്ചാരം എന്ന അനുഭവം അടയാളപ്പെടുത്തുന്ന യാത്രാവിവരണങ്ങൾ എഴുതുന്നു.

3.7 വാക്യഘടനയുടെ സവിശേഷതകളും സൗന്ദര്യാംശങ്ങളും തിരിച്ചറിഞ്ഞ് പുതുവാക്യനിർമ്മിതിയിൽ ഏർപ്പെടുന്നു.

**യൂണിറ്റ് 4 മാധ്യമം**

4.1 ഭാഷയുടെ തൊഴിൽപരമായ സാധ്യതകൾ തിരിച്ചറിഞ്ഞ് വിവിധ മാധ്യമങ്ങൾക്ക് യോജിക്കുന്ന വിധത്തിൽ വ്യത്യസ്ത വ്യവഹാരരൂപങ്ങളിലൂടെ രചന നിർവഹിക്കുന്നു.

4.2 പത്രനിർമ്മാണത്തിന്റെ പ്രധാന ഉള്ളടക്കമേഖലകളായ റിപ്പോർട്ടിങ്, ഫീച്ചർ, മുഖപ്രസംഗം തുടങ്ങിയവയിൽ പ്രായോഗിക പരിചയം നേടുന്നു.

4.3 മാധ്യമങ്ങളിലെ വാർത്തകളും ലേഖനങ്ങളും വിമർശനപര മായി വിലയിരുത്തി ചർച്ചകളിൽ ഏർപ്പെടുന്നു.

4.4 പരമ്പരാഗതമാധ്യമങ്ങൾ പൊതുജനങ്ങളിൽ ചെലുത്തുന്ന സ്വാധീനം വിലയിരുത്തി കുറിപ്പുകൾ തയാറാക്കുന്നു.

4.5 നവമാധ്യമങ്ങളുടെ സാധ്യതകൾ കണ്ടെത്തി ജീവിതസന്ദർ ഭങ്ങളിൽ ഗുണപരമായി പ്രയോജനപ്പെടുത്തുന്നു.

4.6 നിത്യജീവിതവിനിമയങ്ങളിൽ വിവരസാങ്കേതികവിദ്യയും സൈബർസംസ്കാരവും ചെലുത്തുന്ന സ്വാധീനം ചർച്ച ചെയ്ത് ലഘുലേഖ, കുറിപ്പുകൾ, പ്രബന്ധം തുടങ്ങിയവ തയാറാക്കുന്നു.

4.7 വിവരസാങ്കേതികവിദ്യയുടെ സ്വാധീനഫലമായി രൂപപ്പെടുന്ന സർഗാത്മകരചനകൾ നിരൂപണം ചെയ്യുന്നു.

4.8 നവമാധ്യമങ്ങളുമായി ബന്ധപ്പെട്ട സാങ്കേതികപദാവലികളുടെ ആശയം മനസ്സിലാക്കി ഉചിതമായ സാഹചര്യങ്ങളിൽ പ്രയോഗിക്കുന്നു.

# രണ്ടാം വർഷ ഹയർസെക്കണ്ടറി മലയാളം
## സ്കീം ഓഫ് വർക്ക്

| മാസം | യൂണിറ്റ് | പാഠം | സമയം (മണിക്കൂർ) |
|---|---|---|---|
| 2015 ജൂൺ<br>ജൂലൈ | എഴുത്തകം | കണ്ണാടി കാൺമോളവും<br>പ്രകാശം ജലം പോലെയാണ്<br>കിരാതവൃത്തം<br>അവകാശങ്ങളുടെ പ്രശ്നം | 30 മണിക്കൂർ |
| ആഗസ്ത്<br>സപ്തംബർ<br>ഒക്ടോബർ | തനതിടം | കേശിനീമൊഴി<br>അഗ്നിവർണന്റെ കാലുകൾ<br>പദത്തിന്റെ പഥത്തിൽ<br>മാപ്പിളപ്പാട്ടിലെ കേരളീയത | 30 മണിക്കൂർ |
| ഒക്ടോബർ<br>നവംബർ | ദർപ്പണം | കൊള്ളിവാക്കല്ലാതൊന്നും<br>ഗൗളിജന്മം<br>തേങ്ങ<br>ബദരിയും പരിസരങ്ങളും<br>യമുനോത്രിയുടെ ഊഷ്മളതയിൽ | 28 മണിക്കൂർ |
| ഡിസംബർ<br>2016 ജനുവരി<br>ഫെബ്രുവരി | മാധ്യമം | വാംഖഡെയുടെ ഹൃദയത്തുടിപ്പുകൾ<br>മാധ്യമവിചാരം<br>നവമാധ്യമങ്ങൾ ശക്തിയും സാധ്യതയും<br>കൈയൊപ്പില്ലാത്ത സന്ദേശങ്ങൾ | 28 മണിക്കൂർ |
| | | ആവർത്തനപാഠം | |

**Reg. No:**

# ഹയർ സെക്കന്ററി രണ്ടാം വർഷം

# മലയാളം (പാർട്ട് 2)

**സ്കോർ : 80**
**സമയം : 2½ മണിക്കൂർ**

---

**പൊതുനിർദേശങ്ങൾ**

- നിർദിഷ്ട സമയത്തിന് പുറമേ 15 മിനിറ്റ് 'സമാശ്വാസസമയം' ഉണ്ടായിരിക്കും.
- ചോദ്യങ്ങളോടൊപ്പം നൽകിയ സൂചനകൾ വ്യക്തമായി മനസ്സിലാക്കിയശേഷം മാത്രം ഉത്തരം എഴുതുക.

## A

**ശരിയായ ഉത്തരം വലയത്തിൽനിന്ന് എടുത്തെഴുതുക**

1. ഏതു രചനാസങ്കേതത്തിന്റെ പേരിലാണ് ഗബ്രിയേൽ ഗാർസിയ മാർക്വെസിന്റെ രചനകൾ പ്രശസ്തമായത്?
   (സർറിയലിസം, മാജിക്കൽ റിയലിസം, റിയലിസം, വെർച്വൽ റിയലിസം)
2. സുന്ദരീ എന്ന അർഥം വരുന്ന അഭിസംബോധന ഏത്?
   (വൈദർഭീ, ഭൈമീ, ചാരുതനോ, സ്വാമിനീ)
3. 'മത്തേഭം പാംസുസ്നാനം കൊണ്ടല്ലോ സന്തോഷിപ്പൂ
   നിത്യവും സ്വച്ഛജലം തന്നിലേ കുളിച്ചാലും' - ഈ വരികളിലെ ആശയവുമായി ചേർന്നുനിൽക്കുന്ന ചൊല്ല് ഏത്?
   (ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോരതന്നെ കൊതുകിന്നു കൗതുകം, കൂനൻ മദിക്കുകിൽ ഗോപുരം കുത്തുമോ, ആടറിയുമോ അങ്ങാടിവാണിഭം, ആന മെലിഞ്ഞാൽ തൊഴുത്തിൽ കെട്ടുമോ)
4. 'നിങ്ങളാണ് ശരിക്കും രാജാവ്'. ആരെക്കുറിച്ചാണ് ഇങ്ങനെ പറയുന്നത്?
   (കേവലരാമനെ, ചിന്താരാമനെ, അടിച്ചുതളിക്കാരിയെ, കൊത്തുവാളിനെ) (4 × 1 = 4)

**കൂട്ടത്തിൽ പെടാത്തത് എടുത്തെഴുതുക**

5. ഇടശ്ശേരി, കുമാരനാശാൻ, മാർക്വെസ്, പത്മരാജൻ
6. കൺപീലിക്കാട്, കരിവീട്ടിക്കാതൽ, കാലാഴിമോതിരം, കാട്ടാറിൻ തരിവള
7. വിദൂഷകൻ, ബാഹുകൻ, അഗ്നിവർണൻ, വസിഷ്ഠൻ
8. ബദരീനാഥ്, യമുനോത്രി, മാനാപാസ്, കാട്ജിനെ ഇന്ത്യാസ് (4 × 1 = 4)

ചേരുംപടി ചേർക്കുക

| | | |
|---|---|---|
| 9. പടയണി | - | എം. മുകുന്ദൻ |
| 10 കത്തുപാട്ടുകൾ | - | ഗ്രേസി |
| 11. രണ്ടു സ്വപ്നദർശികൾ | - | പുലിക്കോട്ടിൽ ഹൈദർ |
| 12. നൃത്തം | - | കടമ്മനിട്ട |

(4 × 1 = 4)

13. താഴെ കൊടുത്ത പദങ്ങളിൽ ഉചിതമായത് തിരഞ്ഞെടുത്ത് പട്ടിക പൂർത്തിയാക്കുക.

ശ്ലോകം, മാല, പദം, വാമൊഴി.

| ആട്ടക്കഥ | മാപ്പിളപ്പാട്ട് |
|---|---|
| • <br> • | • <br> • |

(സ്കോർ 2)

**താഴെ കൊടുത്ത പത്രവാർത്ത എഡിറ്റ് ചെയ്ത് ഉചിതമായ തലക്കെട്ട് നൽകുക.**

14. തിരുവനന്തപുരം: മാഗി നൂഡിൽസിൽ മാരകമായ രാസപദാർഥങ്ങൾ കണ്ടെത്തിയതിനെ തുടർന്ന് അധികൃതർ പിന്നാലെ നടത്തിയ പരിശോധനയിൽ മറ്റു ഭക്ഷ്യവസ്തുക്കളിലും വിഷപദാർഥങ്ങൾ ചേർക്കുന്നതായി തെളിഞ്ഞു. ചിപ്സിലും ചിക്കൻ ഫ്രൈയിലും ആരോഗ്യത്തിന് ഹാനികരമായ രാസ വസ്തുക്കൾ അനുവദനീയമായതിലും കൂടുതൽ അളവിൽ അമിതമായി ചേർക്കുന്നതായാണ് കണ്ടെ ത്തപ്പെട്ടത് വസ്ത്രങ്ങൾക്ക് നിറം മുക്കുന്ന മഞ്ഞച്ചായമാണ് ചിപ്സിൽ ചേർക്കുന്നതെങ്കിൽ മഞ്ഞച്ചാ യത്തിന്റെ ചുവന്ന ചായമാണ് ചിക്കൻ ഫ്രൈയിൽ ഉപയോഗിക്കുന്നത്. (സ്കോർ 2)

**നാലു വാക്യത്തിൽ ഉത്തരമെഴുതുക**

15. 'കണ്ണാടി കാൺമോളവും തന്നുടെ മുഖമേറ്റം നന്നെന്നു നിരൂപിക്കുമെത്രയും വിരൂപന്മാർ' - ഈ വരികൾ കാവ്യസന്ദർഭത്തിന് എത്രമാത്രം യോജിക്കുന്നുവെന്നു പരിശോധിക്കുക.

16. 'അഗ്നിവർണന്റെ കാലുകൾ' എന്ന നാടകത്തിൽ നിങ്ങൾക്കിഷ്ടപ്പെട്ട കഥാപാത്രമേത്? എന്തു കൊണ്ട്?

17. 'തേങ്ങ' എന്ന കവിത വായനക്കാരിൽ ചിരിയുണർത്തുന്നതിന്റെ കാരണങ്ങൾ എന്തൊക്കെയാവാം?

18. 'കൈയൊപ്പില്ലാത്ത സന്ദേശം' എന്ന തലക്കെട്ട് പാഠഭാഗത്തിന് എത്രമാത്രം യോജിച്ചിരിക്കുന്നു വെന്ന് പരിശോധിക്കുക.

19. താഴെ കൊടുത്ത കാവ്യഭാഗം മലയാളത്തിലേക്കു തർജമ ചെയ്യുക.

Whose woods these are, I think I know
His house is in the Village, though
He will not see me stopping here
To Watch his woods fill up with snow - (Robert Frost) (5 × 4 = 20)

**അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക**

20. സ്വന്തം പിതാവിന്റെ മുഖം പോലും തിരിച്ചറിയാനാവാതെ നിൽക്കുന്ന ദിവാകരൻ കമ്പോളത്തിൽ മുഖം നഷ്ടപ്പെടുന്ന മനുഷ്യരുടെ പ്രതിനിധിയാണോ? നിങ്ങളുടെ നിരീക്ഷണങ്ങൾ എഴുതുക.

21. "പുലിക്കോട്ടിൽ ഹൈദറിനെ മറ്റു മാപ്പിളപ്പാട്ടുരചയിതാക്കളിൽ നിന്ന് വേറിട്ടുനിർത്തുന്നത് അദ്ദേഹ ത്തിന്റെ സ്ത്രീപക്ഷചിന്തയാണ്." ഈ അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക.

22. സന്ദർശിക്കുന്ന സ്ഥലത്തിന്റെ ഭൂമിശാസ്ത്രത്തിനാണ് 'യമുനോത്രിയുടെ ഊഷ്മളതയിൽ' എന്ന പാഠഭാഗത്ത് പ്രാധാന്യം ലഭിക്കുന്നതെങ്കിൽ മനുഷ്യജീവിതത്തിലാണ് എസ്. കെ. പൊറ്റക്കാട്ടിന്റെ ശ്രദ്ധ പതിയുന്നത്. വിശകലനം ചെയ്യുക.

23. താഴെ കൊടുത്തിരിക്കുന്ന കാർട്ടൂണിന് ഉചിതമായ അടിക്കുറിപ്പ് നല്കി കാർട്ടൂൺ വ്യാഖ്യാനിക്കുക.

(20)




**ഒന്നരപ്പുറത്തിൽ ഉത്തരമെഴുതുക**

24. "യഥാർഥ മണ്ണിന്റെ മക്കളെ അനാഥരും അഭയാർഥികളുമാക്കുന്ന വികസനസങ്കൽപ്പങ്ങൾക്കെതിരായ സർഗാത്മകപ്രതിരോധമാണ് കടമ്മനിട്ടയുടെ 'കിരാതവൃത്തം." ഈ വീക്ഷണത്തോടു നിങ്ങൾ യോജിക്കുന്നുണ്ടോ? നിലപാടു വ്യക്തമാക്കി ഉപന്യാസം തയാറാക്കുക.

**അല്ലെങ്കിൽ**

കുറ്റം പറയുന്ന ഭർത്താവിനെക്കുറിച്ച് ശകുന്തളയ്ക്കും ശീലാവതിക്കുമുള്ള പ്രതികരണങ്ങൾ തമ്മിലുള്ള വ്യത്യാസം പാഠഭാഗങ്ങളെ അടിസ്ഥാനമാക്കി വിശകലനം ചെയ്യുക.

25. ഇന്ദ്രിയങ്ങൾ നഷ്ടപ്പെടുകയും പൊയ്ക്കാലുകൾ സിംഹാസനത്തിൽ വച്ച് ഭരിക്കുകയും ചെയ്യുന്ന രാജാവിന്റെ കഥയാണല്ലോ 'അഗ്നിവർണന്റെ കാലുകൾ.' ഈ നാടകത്തിൽ തെളിയുന്ന സാമൂഹിക വിമർശനതലം കണ്ടെത്തി വിശദീകരിക്കുക

**അല്ലെങ്കിൽ**

'പദത്തിന്റെ പഥത്തിൽ' എന്ന പാഠഭാഗത്തിലെ ആശയങ്ങൾ പ്രയോജനപ്പെടുത്തി കലാമണ്ഡലം ഹൈദരലിയുടെ ചരമാർഷികദിനത്തിൽ പ്രസിദ്ധീകരിക്കാനുള്ള ഫീച്ചർ തയാറാക്കുക.

26. ഇന്റർനെറ്റിൽ പ്രകടിപ്പിക്കുന്ന ഏതഭിപ്രായവും സർക്കാറിന് അഹിതമായി തോന്നുകയാണെങ്കിൽ കേസെടുക്കാൻ അധികാരം നൽകിയിരുന്ന ഐ. ടി. ആക്ടിലെ 66-ാം വകുപ്പ് ഈയിടെ സുപ്രീംകോടതി റദ്ദാക്കിയല്ലോ. ജനാധിപത്യത്തെയും പൗരാവകാശത്തെയും ശക്തിപ്പെടുത്താൻ ഈ വിധി സഹായിക്കുമെന്ന് പൊതുനിരീക്ഷണം രൂപീകരിക്കപ്പെട്ടിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ 'പൗരാവകാശവും ഐ. ടി. ആക്റ്റും' എന്ന വിഷയത്തിൽ സ്കൂൾ പാർലമെന്ററികാര്യ സമിതി സംഘടിപ്പിക്കുന്ന സെമിനാറിൽ അവതരിപ്പിക്കുന്ന പ്രബന്ധം തയാറാക്കുക.

**അല്ലെങ്കിൽ**

നവമാധ്യമങ്ങളുടെ ദുരുപയോഗം ഇന്നു സമൂഹത്തിൽ ഗുരുതരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നു. അവയെക്കുറിച്ച് സമൂഹത്തെ ബോധവൽക്കരിക്കാനുതകുന്ന ഒരു ലഘുലേഖ തയാറാക്കുക.

$(3 \times 8 = 24)$

# Answer Key

| Qn. | Sub | Value points | Score | Total |
|---|---|---|---|---|
| 1 | | മാജിക്കൽ റിയലിസം | 1 | 1 |
| 2 | | ചാരുതനോ | 1 | 1 |
| 3 | | ക്ഷീരമ്മുള്ളോരകിടിൻ ചുവട്ടിലും ചോര.... | 1 | 1 |
| 4 | | അടിച്ചുതളിക്കാരി | 1 | 1 |
| 5 | | മാർക്വെസ് | 1 | 1 |
| 6 | | കാലാഴിമോതിരം | 1 | 1 |
| 7 | | ബാഹുകൻ | 1 | 1 |
| 8 | | കാട്ജിനെ ഇന്ത്യാസ് | 1 | 1 |
| 9 | | കടമ്മനിട്ട | 1 | 1 |
| 10 | | പുലിക്കോട്ടിൽ ഹൈദർ | 1 | 1 |
| 11 | | ഗ്രേസി | 1 | 1 |
| 12 | | എം. മുകുന്ദൻ | 1 | 1 |
| 13 | | ആട്ടക്കഥ - പദം, ശ്ലോകം<br>മാപ്പിളപ്പാട്ട് - മാല, വാമൊഴി | 1<br>1 | <br>2 |
| 14 | | ഉചിതമായ ശീർഷകത്തിന്<br>തെറ്റു തിരുത്തൽ | 1<br>1 | <br>2 |
| 15 | | വരികൾക്ക് കഥാസന്ദർഭത്തിലുള്ള യോജിപ്പ് -<br>മനസ്സിലാക്കി എഴുതിയിട്ടുണ്ട്.<br>ഉചിതമായ ഭാഷ. | <br>3<br>1 | <br><br>4 |
| 16 | | കഥാപാത്രസവിശേഷത തിരിച്ചറിഞ്ഞിട്ടുണ്ട്,<br>നിരീക്ഷണത്തനിമ. | 3<br>1 | <br>4 |
| 17 | | കാരണങ്ങൾ കണ്ടെത്തിയതിന്.<br>ഉചിതമായ ഭാഷയിൽ അവതരിപ്പിച്ചതിന്. | 3<br>1 | <br>4 |
| 18 | | ശീർഷകൗചിത്യം പാഠഭാഗവുമായി ബന്ധിപ്പിച്ച്<br>വിശകലനം ചെയ്തിട്ടുണ്ട്. | <br>4 | <br>4 |
| 19 | | ആശയം ഗ്രഹിച്ചിട്ടുണ്ട്.<br>ഉചിതമായ ഭാഷയിൽ വിവർത്തനം ചെയ്തിട്ടുണ്ട്. | 2<br>2 | <br>4 |
| 20 | | കഥയിലെ ആശയങ്ങൾ ഗ്രഹിച്ചിട്ടുണ്ട്.<br>നിരീക്ഷണത്തനിമ | 3<br>2 | <br>5 |
| 21 | | പ്രസ്താവനയെ അപഗ്രഥിച്ചതിന്.<br>സ്ത്രീപക്ഷചിന്തയെ ഉദാഹരിച്ചതിന്.<br>ഉചിതമായ ഭാഷയ്ക്ക്. | 2<br>2<br>1 | <br><br>4 |
| 22 | | രണ്ടു പാഠഭാഗങ്ങളിലെയും ആശയങ്ങൾ സ്വായത്തമാക്കിയിട്ടുണ്ട്.<br>താരതമ്യംചെയ്ത് എഴുതിയിട്ടുണ്ട്. | 3<br>2 | <br>5 |

| Qn. No. | Sub Qns | Value points | Score | Total |
|---|---|---|---|---|
| 23 | | മാധ്യമവിമർശനം തിരിച്ചറിഞ്ഞ് ഉചിതമായ അടിക്കുറിപ്പ് നൽകിയിട്ടുണ്ട്. | 3 | |
| | | കാർട്ടൂൺ വ്യാഖ്യാനിച്ചിട്ടുണ്ട്. | 2 | 5 |
| 24 | A | കവിതയിലെ ആശയം ഗ്രഹിച്ചിട്ടുണ്ട്. | 3 | |
| | | സ്വന്തം നിലപാട് വിശദീകരിച്ചിട്ടുണ്ട്. | 3 | |
| | | ഉചിതമായ ഭാഷയിൽ അവതരിപ്പിച്ചിട്ടുണ്ട്. | 2 | 8 |
| 24 | B | രണ്ടു കഥാപാത്രങ്ങളുടെയും സവിശേഷത മനസ്സിലാക്കിയിട്ടുണ്ട്. | 3 | |
| | | പാഠഭാഗത്തെ ആശയങ്ങൾ ഉൾക്കൊണ്ടിട്ടുണ്ട്. | 3 | |
| | | ഉചിതമായ ഭാഷയിൽ അവതരിപ്പിച്ചിട്ടുണ്ട്. | 2 | 8 |
| 25 | A | നാടകത്തിന്റെ കേന്ദ്രാശയം മനസ്സിലാക്കിയിട്ടുണ്ട്. | 3 | |
| | | സാമൂഹിക വിമർശനതലം കണ്ടെത്തിയിട്ടുണ്ട്. | 3 | |
| | | ഉചിതമായ ഭാഷയിൽ അവതരിപ്പിച്ചിട്ടുണ്ട്. | 2 | 8 |
| 25 | B | പാഠഭാഗം അപഗ്രഥിച്ച് ആവശ്യമായ വസ്തുതകൾ ശേഖരിച്ചിട്ടുണ്ട്. | 4 | |
| | | ഫീച്ചറിന്റെ ഘടന | 4 | 8 |
| 26 | A | നവമാധ്യമങ്ങൾക്ക് ജനാധിപത്യവൽക്കരണത്തിലുള്ള പങ്ക് തിരിച്ചറിഞ്ഞ് ആവിഷ്ക്കരിച്ചതിന്. | 3 | |
| | | ഉചിതമായ ഭാഷ. | 3 | |
| | | പ്രബന്ധത്തിന്റെ ഘടന. | 2 | 8 |
| 26 | B | നവമാധ്യമങ്ങളുടെ ദുരുപയോഗത്തെക്കുറിച്ച് കൃത്യമായ ആശയങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. | 4 | |
| | | സാമൂഹികപ്രശ്നങ്ങൾ അപഗ്രഥിച്ചതിന്. | 2 | |
| | | ഉചിതമായ ഭാഷയിൽ അവതരിപ്പിച്ചിട്ടുണ്ട്. | 2 | 8 |

## WEIGHT TO FORM OF QUESTIONS

| | | Thinking skills for Conceptual attainment | | |
|---|---|---|---|---|
| | Type | No.of Que. | Score | Percentage |
| 1 | Objective | 13 | 14 | 17.50 |
| 2 | Short Answer | 10 | 42 | 52.50 |
| 3 | Essay | 3 | 24 | 30 |
| | Total | 26 | 80 | 100 |

## WEIGHT TO THINKING SKILLS

| Sl. No. | Thinking Skills | Score | Presentage |
|---|---|---|---|
| 1 | For Conceptual Attainment | 53 | 65.5 |
| 2 | For Conceptual Generation | 27 | 34.5 |

## WEIGHT TO CONTENT & LO'S

## BLUE PRINT

| No | Unit | Content | Lo. No's | Score | Presentage |
|---|---|---|---|---|---|
| 1. | എഴുത്തകം | കണ്ണാടി കാൺമോളവും<br>പ്രകാശം ജലം പോലെയാണ്<br>കിരാതവൃത്തം<br>അവകാശങ്ങളുടെ പ്രശ്നം | 1<br>3<br>6<br>8, 9<br>2 | 22 | 27.50 |
| 2. | തനതിടം | കേശിനീമൊഴി<br>അഗ്നിവർണന്റെ കാലുകൾ<br>പദത്തിന്റെ പഥത്തിൽ<br>മാപ്പിളപ്പാട്ടിലെ കേരളീയത | 1<br>5<br>6<br>1 | 19 | 25 |
| 3. | ദർപ്പണം | കൊള്ളിവാക്കല്ലാതൊന്നും<br>ഗൗളിജന്മം<br>തേങ്ങ<br>ബദരിയും പരിസരങ്ങളും<br>യമുനോത്രിയുടെ -<br>ഊഷ്മളതയിൽ | 4<br>4<br><br>3<br>6 | 18 | 22.50 |
| 4. | മാധ്യമം | വാംഖഡെയുടെ<br>ഹൃദയത്തുടിപ്പുകൾ<br>മാധ്യമവിചാരം<br>നവമാധ്യമങ്ങൾ: ശക്തിയും<br>സാധ്യതയും<br>കൈയൊപ്പില്ലാത്ത സന്ദേശം | 2<br><br>6<br><br>7 | 20 | 25 |
| | | **Total** | | **80** | **100** |

## QUESTION BASED ANALYSIS - XII MALAYALAM

| Qn. No. | Content/ Unit | LO. No. | Specific thinking skills (no.) | Form of Questions | Score | Time |
|---|---|---|---|---|---|---|
| 1. | 1 | 1 :1 | 1 | OBJ | 1 | 2 min. |
| 2. | 2 | 2 : 4 | 1 . 2 | OBJ | 1 | 2 min. |
| 3. | 1 | 1 : 1 | 2 . 6 | OBJ | 1 | 2 min. |
| 4. | 2 | 2 : 5 | 1 | OBJ | 1 | 2 min. |
| 5. | 1 | 1 : 3 | 1 .1 | OBJ | 1 | 1 min. |
| 6. | 3 | 2 : 4 | 1 . 1 | OBJ | 1 | 1 min. |
| 7. | 2 | 2 : 1 | 1 .1 | OBJ | 1 | 1 min. |
| 8. | 1 | 1 : 3 | 1 . 1 | OBJ | 1 | 1 min. |
| 9. | 1 | 1 : 6 | 1 | OBJ | 1 | 2 min. |
| 10. | 2 | 2 : 1 | 1 | OBJ | 1 | 2 min. |
| 11. | 3 | 3 : 4 | 1 | OBJ | 1 | 2 min. |
| 12. | 4 | 4 : 7 | 1 | OBJ | 1 | 2 min. |
| 13. | 3 | 2 : 1 | 4 . 2 | OBJ | 2 | 5min. |
| 14. | 4 | 4 : 1 | 6. 2 | Short Ans. | 2 | 5 min. |
| 15. | 1 | 1 : 6 | 5 | Short Ans. | 4 | 7 min. |
| 16. | 2 | 2 : 5 | 2 . 4 | Short Ans. | 4 | 7 min. |
| 17. | 3 | 4 : 1 | 5 | Short Ans. | 4 | 7 min. |
| 18. | 4 | 4 : 7 | 2 . 4 | Short Ans. | 4 | 7 min. |
| 19. | 4, 1 | 4: 1, 1:2 | 6 . 3 | Short Ans. | 4 | 7 min. |
| 20. | 1 | 1 : 8 | 5 | Short Ans. | 5 | 10 min. |
| 21. | 2 | 2 : 1 | 5, 2.6 | Short Ans. | 5 | 10 min. |
| 22. | 3 | 3 : 5 | 4 | Short Ans. | 5 | 10 min. |
| 23. | 4 | 4 : 7 | 6, 4 | Short Ans. | 5 | 10 min. |
| 24. | 1 | 1 : 6 | 2 . 7 | Essay | 8 | 15 min. |
| 25. | 2 | 2 : 5 | 6.1, 4.2 | Essay | 8 | 15 min. |
| 26 | 4 | 4 :6 | 4.2, 5.2 | Essay | 8 | 15 min. |

# ഹയർ സെക്കന്ററി രണ്ടാം വർഷം

# മലയാളം (പാർട്ട് 2)

## മൂല്യനിർണയ സമീപനരേഖ - 2015

രണ്ടായിരത്തിപതിമൂന്നിൽ നടന്ന കേരളാ സ്കൂൾ പാഠ്യപദ്ധതിപരിഷ്ക്കരണത്തിന്റെ ഭാഗമായി രണ്ടാം വർഷഹയർസെക്കണ്ടറി മലയാളപാഠപുസ്തകം നിലവിൽ വന്നു. കാലാനുസൃതമായി പാഠപുസ്തകത്തിൽ വന്ന മാറ്റങ്ങൾ സ്വാഭാവികമായും മൂല്യനിർണ്ണയത്തിലും പ്രതിഫലിക്കേണ്ടതുണ്ട്. വിദ്യാർത്ഥികളുടെ പഠന പ്രക്രിയ മെച്ചപ്പെടുത്തുന്നതിനും പഠനപുരോഗതിവസ്തുനിഷ്ഠമായും ശാസ്ത്രീയമായും വിലയിരുത്തുന്ന തിനും കുറ്റമറ്റമൂല്യനിർണയം അനിവാര്യമാണ്. വിദ്യാർത്ഥിയുടെ പഠനനേട്ടങ്ങളിൽ അധിഷ്ഠിതമായ എഴു ത്തുപരീക്ഷകളാണ് ആവശ്യമായി വരുന്നത്. ഇതിനെലക്ഷ്യംവച്ചുള്ള മാർഗരേഖയാണിത്.

ഗുണനിലവാരമുള്ള ചോദ്യങ്ങളാണ് കുറ്റമറ്റ പരീക്ഷയ്ക്ക് ആധാരം. വ്യത്യസ്തപഠനനേട്ടങ്ങളെയും ചിന്താ പ്രക്രിയകളെയും പരിഗണിയ്ക്കുന്നവിധത്തിലാകണം ചോദ്യങ്ങൾ രൂപപ്പെടേണ്ടത്. ഭിന്നപഠനനിലവാര ത്തിലുള്ള വിദ്യാർഥികളെ പരിഗണിക്കുന്നതായിരിക്കണം ചോദ്യങ്ങൾ. അതുകൊണ്ടുതന്നെ ചോദ്യപേപ്പർ തയാറാക്കുന്നതിന് പൊതുവായ മാർഗരേഖ ആവശ്യമാകുന്നു.

ചോദ്യങ്ങൾ തയാറാക്കാനുള്ള മാർഗരേഖയ്ക്ക് നാല് തലങ്ങളുണ്ട്.

1. മുന്നൊരുക്കം
2. ചോദ്യങ്ങളുടെ സ്വഭാവം
3. ചോദ്യം തയാറാക്കൽ
4. ചോദ്യപേപ്പറിന്റെ ഘടന

ഈ നാല് തലങ്ങളുടെ വിശദീകരണം.

### 1. മുന്നൊരുക്കം

1. മാറിയ പാഠ്യപദ്ധതിസമീപനവും പാഠപുസ്തകവും പരിചിതമാകണം.
2. പാഠപുസ്തകത്തിലെ വിവിധ യൂണിറ്റുകളിലെ പഠനനേട്ടങ്ങൾ പരിഗണിയ്ക്കണം.
3. വിവിധങ്ങളായ ചിന്താപ്രക്രിയകൾ പരിഗണിക്കണം.
4. ഓരോ യൂണിറ്റിൽനിന്നും പ്രത്യേകം ചോദ്യശേഖരം തയ്യാറാക്കണം.
5. ചോദ്യങ്ങൾ മാർഗ്ഗരേഖ അടിസ്ഥാനപ്പെടുത്തിയുള്ളതാകണം.

### 2. ചോദ്യങ്ങളുടെ സ്വഭാവം

1. ചോദ്യങ്ങളുടെ ഭാഷ കൃത്യവും ലളിതവുമായിരിക്കണം
2. വസ്തുനിഷ്ഠ ചോദ്യങ്ങൾക്ക് (objective) താഴെപ്പറയുന്ന നാല് ചോദ്യമാതൃകകൾ നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണം.
   1. ബഹുവികല്പമാതൃകകൾ (Multiplechoice Questions)
   2. ചേരുംപടിചേർക്കൽ
   3. കൂട്ടത്തിൽ പെടാത്തത് കണ്ടെത്തൽ
   4. ശരിയോ തെറ്റോ എന്ന് കണ്ടെത്തൽ

3. ഉയർന്ന **ചിന്താശേഷികളെക്കൂടി** പരിഗണിച്ചായിരിക്കണം ചോദ്യങ്ങൾ.
4. ചോദ്യങ്ങളുടെ സമയം ചിന്താപ്രക്രിയയ്ക്കനുസരിച്ചും ഉത്തരമെഴുതാനാവശ്യമായ സമയം പരിഗണിച്ചും ആയിരിക്കണം നിജപ്പെടുത്തേണ്ടത്.
5. ഉത്തരങ്ങളുടെ ദൈർഘ്യം കൃത്യമായി നിർദ്ദേശിച്ചിരിക്കണം.
6. പഠനനിലവാരത്തിന് അനുസരിച്ച ചോദ്യങ്ങളായിരിക്കണം.
7. ചോദ്യങ്ങൾ പഠനനേട്ടങ്ങളെ ലക്ഷ്യമാക്കിയുള്ളതായിരിക്കണം.
8. വസ്തുനിഷ്ഠം, ഹ്രസ്വോത്തരം, ഉപന്യാസം എന്നിങ്ങനെ വ്യത്യസ്തചോദ്യമാതൃകകൾ ഉൾപ്പെടുത്തണം
9. ഒന്നോ അതിലധികമോ യൂണിറ്റുകളിലെ പഠനനേട്ടങ്ങളെ അടിസ്ഥാനമാക്കിയും ചോദ്യങ്ങൾ ചോദിക്കാം. ഉപചോദ്യങ്ങളും ഉൾപ്പെടുത്താം. പ്രസ്ഥാനപരിചയം, നവീന പ്രവണതകൾ ഇവയും ഉൾപ്പെടുത്തണം.
10. ഭാഷാശേഷി, സർഗ്ഗാത്മകത, എന്നിവയ്ക്ക് പ്രാധാന്യം നൽകുന്ന ചോദ്യങ്ങളായിരിക്കണം.
11. ഭിന്നശേഷിയുള്ള വിദ്യാർത്ഥികളെക്കൂടി പരിഗണിക്കുന്ന വിധത്തിലായിരിക്കണം ചോദ്യങ്ങൾ.
12. ജാതി, മത - ലിംഗ വികാരങ്ങളെ വ്രണപ്പെടുത്തുന്ന ചോദ്യങ്ങൾ നിർബന്ധമായും ഒഴിവാക്കണം.

## 3. ചോദ്യം തയാറാക്കൽ

1. ബ്ലൂപ്രിന്റിന്റെ അടിസ്ഥാനത്തിലായിരിക്കണം ചോദ്യങ്ങൾ തയ്യാറാക്കേണ്ടത്.
2. ചോദ്യപേപ്പറിന്റെ രൂപരേഖ തയ്യാറാക്കുമ്പോൾ ഉള്ളടക്കത്തിനും പഠനനേട്ടങ്ങൾക്കും ആപേക്ഷിക പ്രാധാന്യം (weight) നൽകണം. വ്യത്യസ്തമാതൃകയിലുള്ള ചോദ്യങ്ങൾ ഉൾപ്പെടുത്തണം.
3. ചോദ്യപേപ്പറിനൊപ്പം വ്യക്തമായ ഉത്തരസൂചികയും ചോദ്യാപഗ്രഥനവും തയ്യാറാക്കിയിരിക്കണം.
4. പരിഗണിച്ച ചിന്താശേഷികൾ ഏതൊക്കെയെന്ന് ഉത്തരസൂചികയിൽ രേഖപ്പെടുത്തിയിരിക്കണം.
5. ആശയസ്വാംശീകരണത്തിന് 60%, ആശയപ്രകാശനത്തിന് 40% എന്നീ രീതിയിൽ പ്രാതിനിധ്യം നൽകിയിരിക്കണം.
6. വസ്തുനിഷ്ഠ (objective) മാതൃകയ്ക്ക് 15% മുതൽ 20 % വരെ സ്കോറും ഉപന്യാസമാതൃകയ്ക്ക് 30% സ്കോറും ഹ്രസ്വോത്തരങ്ങൾക്ക് ബാക്കി സ്കോറും എന്ന അനുപാതം ദീക്ഷിക്കണം.
7. ഒരു ചോദ്യത്തിന് പരമാവധി നൽകാവുന്ന സ്കോർ മൊത്തം സ്കോറിന്റെ 10% മാത്രമായിരിക്കണം.
8. 80 മാർക്കിന്റെ ചോദ്യത്തിന് 2 1/2 മണിക്കൂറാണ് പരീക്ഷാ സമയം. 15 മിനിട്ട് സമാശ്വാസ സമയം അനുവദിക്കണം.
9. ചോദ്യങ്ങളുടെ ഉള്ളടക്കം ഒരേ ചോദ്യഭാഷയിൽ ആവരുത്.

## 4. ചോദ്യപേപ്പറിന്റെ ഘടന

1. ചോദ്യപേപ്പറിന്റെ ആമുഖമായി പൊതു നിർദ്ദേശങ്ങൾ നൽകിയിരിക്കണം.
2. അതതു ചോദ്യങ്ങൾക്കുനേരെ ആവശ്യമുള്ള നിർദ്ദേശങ്ങൾ നൽകിയിരിക്കണം.
3. ഉപന്യാസങ്ങൾക്ക് 'ചോയ്സ്' അനുവദനീയമാണ്. ആകെ മാർക്കിന്റെ 30% വരുന്ന വിധത്തിലായിരിക്കണം.

ഈ മാർഗ്ഗരേഖയെ ആധാരമാക്കി വിദ്യാർത്ഥിയുടെ പക്ഷത്തു നിന്നുകൊണ്ടുള്ള ചോദ്യങ്ങളായിരിക്കണം രൂപപ്പെടേണ്ടത്.

രജിസ്റ്റർ നമ്പർ:

# ഹയർ സെക്കന്ററി രണ്ടാം വർഷം

# മലയാളം (പാർട്ട് 2)

**സ്കോർ: 80**
**സമയം: 2.30 മണിക്കൂർ**

---

**പൊതുനിർദ്ദേശങ്ങൾ**

- നിർദ്ദിഷ്ട സമയത്തിന് പുറമേ 15 മിനിട്ട് 'സമാശ്വാസ സമയം' ഉണ്ടായിരിക്കും.
- ചോദ്യങ്ങളോടൊപ്പം നൽകിയിട്ടുള്ള സൂചനകൾ വ്യക്തമായി മനസ്സിലാക്കിയശേഷം മാത്രം ഉത്തരം എഴുതുക.

**ബ്രാക്കറ്റിൽനിന്ന് ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക. (ഒരു സ്കോർ വീതം)** 4 x 1 = 4

1. 'ഫിസിക്സിലെ പുതിയ കണ്ടുപിടിത്തങ്ങളിലേക്ക് എന്നെ പ്രചോദിപ്പിച്ചത്അന്നത്തെ മലയാളം ക്ലാസുകളായിരുന്നു. ഈ പ്രസ്താവന സൂചിപ്പിക്കുന്ന ആശയമെന്ത്?
(മലയാളം പഠിപ്പിച്ചവരെല്ലാം ഫിസിക്സ് പഠിക്കണം, ഫിസിക്സ് മലയാളത്തിലാണ് പഠിക്കേണ്ടത്, ഫിസിക്സിലെന്നപോലെ മലയാളത്തിലും ഒരു കാര്യത്തിന് അനേകം തലങ്ങളുണ്ട്, ഫിസിക്സിനേക്കാൾ നല്ലത് മലയാളമാണ്)
2. താഴെ പറയുന്നവരിൽ ആരുടെ കൃതികളാണ് 'ഏറനാടൻ' എന്ന വിശേഷണത്തിന് അർഹമായത്?
(കാവാലം നാരായണപ്പണിക്കർ, പുലിക്കോട്ടിൽ ഹൈദർ, ജി. ഭാർഗവൻപിള്ള, കലാമണ്ഡലം ഹൈദരലി)
3. കൊല്ലുന്നതിനേക്കാളും ശല്യമായിട്ടുള്ളതെന്ന് ശീലാവതി പറയുന്നത് എന്തിനെക്കുറിച്ചാണ്?
(രുചിയില്ലായ്മ, രോഗം, കഷായങ്ങൾ, കൊള്ളിവാക്ക്)
4. താഴെ പറയുന്നവയിൽ 'ഫിഫ്ത്ത് എസ്റ്റേറ്റ്' എന്ന് വിശേഷിപ്പിക്കാവുന്നത്
(പത്രങ്ങളെ, ടെലിവിഷനെ, റേഡിയോവിനെ, സാമൂഹിക മാധ്യമങ്ങളെ)

**ചേരുംപടി ചേർക്കുക** 4 x 1 = 4

| | | | |
|---|---|---|---|
| 5. | വാമൊഴി | - | സാൽവദോർദാലി |
| 6. | സർറിയലിസ്റ്റ് ചിത്രം | - | മാധവച്ചാക്യാർ |
| 7. | കൂത്ത് | - | പൊൻകുന്നം വർക്കി |
| 8. | കിശോരിലാൽ | - | നാരായൻ |

**കൂട്ടത്തിൽപ്പെടാത്തതേത്? (ഒരു സ്കോർ വീതം)** 4 x 1 = 4

9. മാഡ്രിഡ്, ജോവൻ, ടോട്ടോ, അലൂമിനിയം ക്യാമ്പ്
10. പടയണി, കാക്കാരശ്ശി നാടകം, കഥകളി, പൊറാട്ടു നാടകം
11. ക്രൂദ്ധനാം സർപ്പം, വാലിൽ കിളരും കരിമൂർഖൻ, നോറ്റുകിടക്കും ഈറ്റപ്പുലി, കണയേറ്റ കരിമ്പുലി
12. പ്രകാശത്തിര, പ്രകാശത്തിന്റെ കബളിപ്പിക്കൽ, പ്രകാശത്തിന്റെ ചതുപ്പുനിലം, പ്രകാശത്തിന്റെ വെള്ളച്ചാട്ടം

13. താഴെ കൊടുത്ത പദങ്ങളിൽ ഉചിതമായവ ചേർത്ത് പട്ടിക പൂർത്തിയാക്കുക.

സാമൂഹിക വിമർശനം, ഭൂമിശാസ്ത്രം, നർമഭാവന, ചരിത്രം

| **സഞ്ചാരസാഹിത്യം** | **ഹാസസാഹിത്യം** |
|---|---|
| • | • |
| • | • |

**(സ്കോർ - 2)**

14. താഴെ കൊടുത്ത പത്രവാർത്ത എഡിറ്റ് ചെയ്ത് തലക്കെട്ട് നല്കുക.

**ആലപ്പുഴ :** വിദ്യാർഥികളെ ഭ്രമിപ്പിക്കുന്ന ജംഗ്ഫുഡ് മാന്നാർ, ശ്രീ ഭുവനേശ്വരിയിലെ സ്കൂൾ അധ്യാപികയുടെ ശ്രമഫലമായി വിദ്യാലയങ്ങളിൽ നിരോധിച്ചുകൊണ്ട് പൊതുവിദ്യാലയ വകുപ്പ് ഉത്തരവിറക്കി. പപ്സ്, കട്‌ലറ്റ്, പിസ, ബർഗർ, കോള എന്നിവയുൾപ്പെടെയുള്ള ഭക്ഷപാനീയങ്ങളാണ് ജംഗ്ഫുഡ് വിഭാഗത്തിൽ പെടും ഇവയൊന്നും ഇനി സ്കൂളിൽ കൊണ്ടു വരാനോ കഴിക്കാനും പാടില്ല. ഇവ കഴിക്കുന്നവരുടെ രക്തക്കുഴലുകളിൽ കൊഴുപ്പടിയുകയും ഹൃദയാഘാതവും പക്ഷാഘാതവും ഉണ്ടാക്കും. ഓരോ രക്ഷിതാക്കളും അധ്യാപകരും ഇക്കാര്യം ഗൗരവത്തിലെടുക്കണമെന്നും ഉത്തരവിൽ പറയുന്നു.

**(സ്കോർ - 2)**

**നാലുവാക്യത്തിൽ ഉത്തരം എഴുതുക.**

15. പൊയ്പ്പോയ നല്ല ദിനങ്ങളെക്കുറിച്ച് 'കിരാതവൃത്തത്തിലെ' കാട്ടാളൻ സങ്കടപ്പെടുന്നുണ്ടല്ലോ. ആ ദിനങ്ങളെ കവി ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ?

16. താഴെ കൊടുത്തിരിക്കുന്ന കാവ്യഭാഗം മലയാളത്തിലേക്ക് തർജ്ജമ ചെയ്ത് ശീർഷകം നൽകുക.

I wish my life was a non - stop Hollywood movie show. A fantasy world of celluloid villians and heroes, Because celluliod hereos never feel any pain And celluoid heroes never really die.

17. ബാഹുക വേഷത്തിൽ വന്നത് നളൻ തന്നെയാണ് എന്നതിന് കേശിനി നിരത്തുന്ന തെളിവുകൾ എന്തെല്ലാം?

18. 'മാറ്റുക മാറ്റുക ചട്ടങ്ങളെയവ
മാറ്റും നിങ്ങളെയല്ലെങ്കിൽ'

ഈ വരികളിലൂടെ അയ്യപ്പപ്പണിക്കർ സമൂഹത്തിലെ ഏത് മനോഭാവത്തിന് നേരെയാണ് വിരൽ ചൂണ്ടുന്നത്? വിശദമാക്കുക.

19. 'ഈ പെൺപിറന്നവർക്ക് ചാകാൻ കിടക്കുന്ന ഈ ചെറുപ്പക്കാരനോടോ അവന്റെ സുന്ദരിയായ ഭാര്യയോടോ തെല്ല് അനുതാപമോ കാരുണ്യമോ ഇല്ല' സന്ദർശകയുടെ മനോഭാവത്തെക്കുറിച്ച് ആൺഗൗളിയുടെ വിലയിരുത്തൽ ശരിയാണോ? കഥാസന്ദർഭം മുൻനിർത്തി പരിശോധിക്കുക

$5 \times 4 = 20$

**അരപ്പുറത്തിൽ ഉത്തരം എഴുതുക.**

20. ഭാവന കൊണ്ട് എന്തും സൃഷ്ടിക്കാനുള്ള കഴിവ് കുട്ടികൾക്കുണ്ട്. ഈ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ മാർക്വെസിന്റെ 'പ്രകാശം ജലം പോലെയാണ്' എന്ന കഥ വിശകലനം ചെയ്ത് കുറിപ്പെഴുതുക.

18. 'അരങ്ങിൽവരാത്ത കഥാപാത്രം നാടകത്തിലുടനീളം നിറഞ്ഞു നിൽക്കുന്നു എന്നതാണ് 'അഗ്നിവർണന്റെ കാലുകളുടെ' മുഖ്യ സവിശേഷതകളിലൊന്ന്' ഈ വാദഗതിയോട് നിങ്ങൾ യോജിക്കുന്നുണ്ടോ? വിശദീകരിക്കുക.

22. ജീവിതത്തിൽ അപ്രതീക്ഷിതവും അദ്ഭുതകരവുമായ പലതും സംഭവിക്കാനിടയുണ്ട്. ഈയൊരു തത്ത്വവിചാരത്തിന്റെ അടിസ്ഥാനത്തിൽ 'തേങ്ങ' എന്ന കവിതയെ വ്യാഖ്യാനിക്കാനാവുമോ? വിശദമാക്കുക.

23. 'ഇവിടെ ഒരു ചോദ്യമേ ബാക്കി നില്ക്കുന്നുള്ളൂ. മാധ്യമങ്ങൾ ചെയ്യേണ്ടുന്ന കർത്തവ്യങ്ങൾ അവ ചെയ്യുമോ'?

**(പി. സായ്നാഥ്)**

ലേഖകന്റെ ആശങ്കയോട് നിങ്ങൾ എങ്ങനെ പ്രതികരിക്കുന്നു? മാധ്യമ കർത്തവ്യത്തെക്കുറിച്ചുള്ള സ്വന്തം നിലപാട് വ്യക്തമാക്കുക.

4 x 5 = 20

- **താഴെ കൊടുത്തവയിൽ ഏതെങ്കിലും മൂന്ന് ചോദ്യങ്ങൾക്ക് ഒന്നരപ്പുറത്തിൽ ഉത്തരമെഴുതുക.**

24. അവമാനിക്കുന്നയാൾ രാജാവായിരുന്നിട്ടും നിശ്ശബ്ദമായി സഹിക്കുകയല്ല, ശക്തമായി പ്രതികരിക്കുകയാണ് 'കണ്ണാടികാൺമോളവും' എന്ന പാഠഭാഗത്തെ ശകുന്തള. എഴുത്തച്ഛന്റെ സ്ത്രീ സങ്കല്പത്തിന്റെ സമകാലിക പ്രസക്തി പരിശോധിക്കുക.

25. 'അതിർത്തികളില്ലാത്ത രാഷ്ട്രമാണ് കല'
- അമൃതാ പ്രീതം

ഈ നിരീക്ഷണം കലാമണ്ഡലം ഹൈദരലിയുടെ കലാ ജീവിതവുമായി യോജിക്കുന്നുണ്ടോ? പാഠഭാഗം വിശകലനം ചെയ്ത് ഉപന്യാസം തയ്യാറാക്കുക.

26. മലയാള ഭാഷയുടെ ചക്രവാളങ്ങൾ വികസിപ്പിക്കാൻ സൈബർ മാധ്യമങ്ങൾക്ക് സാധിക്കുമോ? നിങ്ങളുടെ വീക്ഷണങ്ങൾ സമർത്ഥിച്ചുകൊണ്ട് 'സാമൂഹിക മാധ്യമങ്ങളും മാതൃഭാഷയും' എന്ന വിഷയത്തിൽ മാതൃഭാഷാദിനത്തിൽ അവതരിപ്പിക്കാനുള്ള പ്രഭാഷണം തയാറാക്കുക.

27. 'കാട്ടാളനെക്കുറിച്ചുള്ള പതിവ് സങ്കല്പങ്ങൾ തിരുത്തിക്കുറിക്കുകയാണ് കടമ്മനിട്ടയുടെ 'കിരാതവൃത്തം' ഈ പ്രസ്താവനയുടെ വെളിച്ചത്തിൽ ' കിരാതവൃത്തം' എന്ന കവിതയ്ക്ക് ആസ്വാദനം തയാറാക്കുക.

3 x 8 = 24

# Answer Key

| Qn. No. | Value points | Score | Total |
|---|---|---|---|
| 1 | ഫിസിക്സിലെന്നപോലെ മലയാളത്തിലും ഒരു കാര്യത്തിന് പല തലങ്ങളുണ്ട്. | 1 | 1 |
| 2 | പുലിക്കോട്ടിൽ ഹൈദർ | 1 | 1 |
| 3 | കൊള്ളിവാക്ക് | 1 | 1 |
| 4 | സാമൂഹിക മാധ്യമങ്ങളെ | 1 | 1 |
| 5 | നാരായൻ | 1 | 1 |
| 6 | സാൽവദോർ ദാലി | 1 | 1 |
| 7 | മാധവച്ചാക്യാർ | 1 | 1 |
| 8 | പൊൻകുന്നം വർക്കി | 1 | 1 |
| 9 | അലൂമിനിയം ക്യാമ്പ് | 1 | 1 |
| 10 | കഥകളി | 1 | 1 |
| 11 | ക്രൂദ്ധനാം സർപ്പം | 1 | 1 |
| 12 | പ്രകാശത്തിന്റെ കബളിപ്പിക്കൽ | 1 | 1 |
| 13 | സഞ്ചാരസാഹിത്യം - ഭൂമിശാസ്ത്രം, ചരിത്രം<br>ഹാസ സാഹിത്യം - നർമഭാവന, സാമൂഹിക വിമർശനം | 1<br>1 | 2 |
| 14 | വാക്യഘടന ശരിയാക്കിയിട്ടുണ്ട്<br>ഉചിതമായ ശീർഷകം നൽകിയിട്ടുണ്ട് | 1<br>1 | 2 |
| 15 | ആശയം ഗ്രഹിച്ചിട്ടുണ്ട്.<br>ഉചിതമായി വിശകലനം ചെയ്തിട്ടുണ്ട്.. | 2<br>2 | 4 |
| 16 | ആശയം ചോരാതെ തർജ്ജമ ചെയ്തതിന്<br>ഉചിതമായ തലവാചകത്തിന് | 3<br>1 | 4 |
| 17 | ആശയം ഗ്രഹിച്ചിട്ടുണ്ട്<br>തെളിവുകൾ വ്യക്തമാക്കിയിട്ടുണ്ട്. | 2<br>2 | 4 |
| 18 | കവിതയിലെ ആക്ഷേപഹാസ്യതലം കണ്ടെത്തിയിട്ടുണ്ട്.<br>ആശയവിശകലനം നടത്തിയിട്ടുണ്ട്. | 2<br>2 | 4 |
| 19 | കഥാ സന്ദർഭം വിശകലന വിധേയമാക്കിയിട്ടുണ്ട്<br>സ്വന്തം നിലപാടിൽ നിന്നുകൊണ്ട് സമർത്ഥിച്ചിട്ടുണ്ട് | 2<br>2 | 4 |
| 20 | ആശയം ഗ്രഹിച്ചിട്ടുണ്ട്.<br>കഥാസന്ദർഭം വിശകലനം ചെയ്തട്ടുണ്ട്.<br>ഉചിതമായി ആവിഷ്കരിച്ചിട്ടുണ്ട്. | 3<br>2<br>1 | 5 |
| 21 | കഥാപാത്രത്തിന്റെ സവിശേഷതകൾ വിശകലനം ചെയ്തിട്ടുണ്ട്.<br>നിരീക്ഷണത്തനിമ<br>ഉചിതമായ ഭാഷ | 3<br>1<br>1 | 5 |
| | | | |

# Answer Key

| Qn. No. | Value points | Score | Total |
|---|---|---|---|
| 22 | കവിത വിശകലന വിധേയമാക്കിയിട്ടുണ്ട്.<br>വ്യാഖ്യാനിച്ചിട്ടുണ്ട്.<br>ഭംഗിയായി ആവിഷ്കരിച്ചിട്ടുണ്ട്. | 2<br>2<br>1 | 5 |
| 23 | ആശയങ്ങൾ അപഗ്രഥിച്ചിട്ടുണ്ട്.<br>സ്വന്തം നിലപാട് വിശദീകരിച്ചിട്ടുണ്ട്. | 2<br>3 | 5 |
| 24 | പാഠഭാഗത്തെ ആശയങ്ങൾ സ്വായത്തമാക്കിയിട്ടുണ്ട്.<br>ശകുന്തളയുടെ വ്യക്തിത്വം അപഗ്രഥിച്ചിട്ടുണ്ട്.<br>സമകാലിക പ്രസക്തി വ്യക്തമാക്കിയിട്ടുണ്ട്. | 3<br>3<br>2 | 8 |
| 25 | ഹൈദരലിയുടെ കലാജീവിതത്തിന്റെ സവിശേഷതകൾ മനസ്സിലാക്കിയിട്ടുണ്ട്.<br>ആശയവിശകലനം ചെയ്തിട്ടുണ്ട്.<br>ഉചിതമായ ഭാഷ | 3<br>4<br>1 | 8 |
| 26 | മലയാള ഭാഷയ്ക്ക് നവമാധ്യമങ്ങൾ ശക്തിപകരുന്നത് തിരിച്ചറിഞ്ഞിട്ടുണ്ട്.<br>പ്രഭാഷണത്തിന്റെ ഘടന<br>ഉചിതമായ ഭാഷ | 4<br>2<br>2 | 8 |
| 27 | കവിതയിലെ ആശയം വിശകലനം ചെയ്തിട്ടുണ്ട്.<br>പ്രസ്താവന അപഗ്രഥിച്ച് ആസ്വാദനാംശങ്ങൾ കണ്ടെത്തിയിട്ടുണ്ട്.<br>ഉചിതമായി ആവിഷ്കരിച്ചിട്ടുണ്ട്. | 4<br>3<br>1 | 8 |

## WEIGHT TO THINKING SKILLS

| Sl. No. | Thinking Skills | Score | Percentage |
|---|---|---|---|
| 1 | For Conceptual Attainment | 48 | 60 |
| 2 | Conceptual Generation | 32 | 40 |
| | Total | 80 | 100 |

## WEIGHT TO FORM OF QUESTIONS

| No. | Type | No.of Questions | Score | Percentage |
|---|---|---|---|---|
| 1 | Objective | 13 | 14 | 17.50 |
| 2 | Short Answers | 10 | 42 | 52.50 |
| 3 | Essay | 3 | 24 | 30.00 |
| | **Total** | **26** | **80** | **100** |

# BLUE PRINT

## 1. WEIGHTAGE TO CONTENT & LEARNING OUT COMES

| Qn. No. | Units | Thinking Skills/Content | LO. Nos | Score | Percentage |
|---|---|---|---|---|---|
| 1. | ഏഴുത്തകം | കണ്ണാടി കാൺമോളവും | 4,6,9,1 | | |
| | | പ്രകാശം ജലം പോലെയാണ് | 9, 3 | | |
| | | കിരാതവൃത്തം | 8, 6, 7 | 22 | 27.50 |
| | | അവകാശങ്ങളുടെ പ്രശ്നം | 8 | | |
| 2 | തനതിടം | കേശിനീമൊഴി | 1, 2, 1 (b) | | |
| | | അഗ്നിവർണന്റെ കാലുകൾ | 5 | | |
| | | പദത്തിന്റെ പഥത്തിൽ | 1 1 (b) | 20 | 25 |
| | | മാപ്പിളപ്പാട്ടിലെ കേരളീയത | 3.4 | | |
| 3 | ദർപ്പണം | കൊള്ളിവാക്കല്ലാതൊന്നും | 4,4 | | |
| | | ഗൗളീജന്മം | 4 (a),4 (b) | | |
| | | തേങ്ങ | 1, 1(b) | | |
| | | ബദരിയും പരിസരങ്ങളും | 5 | 18 | 22.50 |
| | | യമുനോത്രിയുടെ ഊഷ്മളതയിൽ | 5 | | |
| 4 | മാധ്യമം | വാംഖഡെയുടെ ഹൃദയത്തുടിപ്പുകൾ | 1.1 | | |
| | | മാധ്യമ വിചാരം | | 20 | 25 |
| | | നവമാധ്യമങ്ങൾ ശക്തിയും സാധ്യതയും | 8, 6, 5 | | |
| | | കൈയൊപ്പില്ലാത്ത സന്ദേശം | 3.3 | | |
| | | | | 80 | 100 |

## FORMAT OF QUESTION BASED ANALYSIS

| Qn. No. | LO.s NO | Specific thinking skills (no.) | Form of Questions | Score | Time |
|---|---|---|---|---|---|
| 1. | 1.4 | 1.1 | OBJ | 1 | 2 |
| 2 . | 2.1 | 1 | OBJ | 1 | 2 |
| 3 | 3.1 | 1.1 | OBJ | 1 | 2 |
| 4 | 4.4 | 2.3 | OBJ | 1 | 2 |
| 5 | 1.9 | 1.1 | OBJ | 1 | 2 |
| 6 | 1.9 | 1.1 | OBJ | 1 | 2 |
| 7 | 3.1 | 2.3 | OBJ | 1 | 2 |
| 8 | 3.4 | 1 | OBJ | 1 | 2 |
| 9 | 5 | 2.3 | OBJ | | 2 |
| 10 | 2.2 | 2.3 | OBJ | 1 | 2 |
| 11 | 1.1 | 2.6 | OBJ | 1 | 2 |
| 12 | 1.8 | 2.6 | OBJ | 1 | 2 |
| 13 | 3.5,3.6 | 2 | OBJ | 2 | 4 |
| 14 | 4.2 | 5.1 | SA | 2 | 4 |
| 15 | 1.6 | 4 | SA | 4 | 6 |
| 16 | 1.9 | 6.3 | SA | 4 | 6 |
| 17 | 2.2 | 2 | SA | 4 | 6 |
| 18 | 3.1 | 2.1 | SA | 4 | 6 |
| 19 | 3.4 | 2.7 | SA | 4 | 6 |
| 20 | 1.3 | 2.3 | SA | 5 | 10 |
| 21 | 2.2 | 2.7 | SA | 5 | 10 |
| 22 | 3.3 | 2.1 | SA | 5 | 10 |
| 23 | 4.3 | 2.2 | SA | 5 | 10 |
| 24 | 1.6 | 2.7 | Essay | 8 | 16 |
| 25 | 2.6 | 4, 4.2 | Essay | 8 | 16 |
| 26 | 4.6 | 4.2, 6.2, 6.3 | Essay | 8 | 16 |
| 27 | 1.5 | 5.2, 6.3 | Essay | 8 | 16 |